# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6472    11.07.2012 -ൽ മറുപടിയ്ക്ക്**

**മാറാട് സംഭവം - ജോസഫ് തോമസ് കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി. റ്റി. എ. റഹീം | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) മാറാട് സംഭവവുമായി ബന്ധപ്പെട്ട് നിയമിച്ച ജോസഫ് തോമസ് കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകൾക്കെതിരെ ആരെങ്കിലും ഹൈക്കോടതിയെ സമീപിച്ചിരുന്നുവോ ;<br><br>ബി) എങ്കിൽ അവർ ആരെല്ലാമായിരുന്നു ; | (എ) & (ബി) മാറാട് സംഭവവുമായി ബന്ധപ്പെട്ട് നിയമിച്ച കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകൾക്കെതിരെ താഴെപ്പറയുന്നവർ ബഹു. ഹൈക്കോടതിയെ സമീപിച്ചിരുന്നതായി കാണുന്നു.<br>1. നാഷണൽ ഡെവലപ്മെന്റ് ഫ്രണ്ട് എന്ന സംഘടനയെ പ്രതിനിധീകരിച്ച് അതിന്റെ ജനറൽ സെക്രട്ടറി ശ്രീ നാസറുദ്ദീൻ എളമരം.<br>2. കോഴിക്കോട് മുൻ ജില്ലാ കളക്ടർ ശ്രീ റ്റി. ഒ. സൂരജ്.<br>3. ശ്രീ മായിൻ ഹാജി, S/o കുഞ്ഞാലി, മുണ്ടോലി, നല്ലളം, കോഴിക്കോട് - 27.<br>4. ശ്രീ ലത്തീഫ്, തെക്കെപ്പുറത്ത് വീട്, ചെട്ടിപ്പടി, മലപ്പുറം. |
| സി) ഈ കേസിൽ സർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ; | (സി) 1952- ലെ അന്വേഷണ കമ്മീഷൻ നിയമ പ്രകാരം സർക്കാർ നിയമിക്കുന്ന അന്വേഷണ കമ്മീഷൻ നീതിന്യായ ചുമതലകൾ നിർവ്വഹിക്കുന്നില്ല. കമ്മീഷൻ സർക്കാരിന് സമർപ്പിക്കുന്ന റിപ്പോർട്ടിലെയും ശുപാർശയിലെയും പരാമർശങ്ങൾ ആരുടെയും അവകാശങ്ങൾ ഹനിക്കുന്നില്ല. അത്തരം പരാമർശങ്ങൾ നടപ്പിലാക്കണമെന്നുണ്ടെങ്കിൽ സിവിലോ ക്രിമിനലോ ആയ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അന്വേഷണ കമ്മീഷൻ കോടതിയോ ട്രിബ്യൂണലോ അല്ല. കീഴ്ക്കോടതികളുടെ മേൽ ഹൈക്കോടതിക്കുള്ള മേൽനോട്ട അധികാരം കമ്മീഷന്റെ കണ്ടെത്തലുകൾക്കുമേൽ ഉപയോഗിക്കാൻ ഭരണഘടനയുടെ 226 -ാം വകുപ്പ് പ്രയോജനപ്പെടുത്താൻ ഹർജിക്കാർക്ക് നിയമപരമായി കഴിയില്ല. അന്വേഷണ കമ്മീഷൻ അതിനു ലഭിച്ചിട്ടുള്ള അധികാരങ്ങൾ മറികടക്കുന്ന വിധത്തിൽ പ്രവർത്തിച്ചിട്ടില്ല.<br>മേൽ നിലപാടാണ് സർക്കാർ സ്വീകരിച്ചത്. |

| | |
|---|---|
| ഡി) സർക്കാരിന്റെ നിലപാടിനനുസരിച്ച് തുടരന്വേഷണം നടക്കുന്നുണ്ടോ ; വിശദ വിവരം നൽകുമോ ? | (ഡി) മാറാട് അന്വേഷണ കമ്മീഷൻ ശുപാർശ പ്രകാരമുള്ള അന്വേഷണം സി.ബി.ഐ.യെ ഏല്പിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ച സാഹചര്യത്തിൽ അന്വേഷണം ക്രൈംസ് വിഭാഗം അഡീഷണൽ പോലീസ് ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിലുള്ള ഒരു പ്രത്യേക അന്വേഷണ സംഘത്തെ ഏല്പിച്ചിട്ടുണ്ട്. പ്രസ്തുത സംഘം അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ